വനഭൂമിയുടെ വിസ്തീർണ്ണം

93 [T1811] ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഓരോ ജില്ലകളിലും എത്ര ഹെക്ടർ കേന്ദ്രവനം ഉണ്ടെന്നും സംസ്ഥാന വനം ഉണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

കേന്ദ്ര വനം എന്നും സംസ്ഥാന വനം എന്നും തരം തിരിവ് നിലവിലില്ല. സംസ്ഥാനത്തെ വനത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	ഹെക്ടർ
തിരുവനന്തപുരം	499.2350
കൊല്ലം	783.5794
പത്തനംതിട്ട	1721.0021
കോട്ടയം	100.8450
എറണാകുളം	336.0572
ഇടുക്കി	3008.6665
തൃശ്ശൂർ	1012.4368
പാലക്കാട്	1485.1893
മലപ്പുറം	763.7926
കോഴിക്കോട്	289.9820
വയനാട്	906.6592
കണ്ണൂർ	242.5188
കാസർഗോഡ്	114.5629
ആകെ	11264.5268

കൈയേറ്റക്കാരെ ഒഴിപ്പിക്കുവാൻ നടപടി

94 [T1812] ശ്രീ. വി. ജെ. പൗലോസ് :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
„ ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതുതീയതിവരെ വനഭൂമി കൈയേറിയവർക്കാണ് ഭൂമി പതിച്ചു നൽകുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തീയതിക്ക് മുമ്പായി വനഭൂമിയിൽ കൈയേറ്റം നടത്തിയവരെ സംബന്ധിക്കുന്ന വിവരങ്ങളറിയുന്നതിനുവേണ്ടി ഒരു ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly